**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5255** **21-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സാങ്കേതിക സർവ്വകലാശാല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ കേരള സാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സാംഗത്യം എന്താണെന്ന് ആലോചിച്ചിട്ടുണ്ടോ; | (എ) | **സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പഠന ശാഖകൾക്ക് വ്യക്തമായിട്ടുള്ള ഘടനയും, മാനദണ്ഡങ്ങളും AICTE ആണ് നിർദ്ദേശിക്കുന്നത്. AICTE നിർദ്ദേശങ്ങൾ നിലവിലുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് നടപ്പിലാക്കി വരുന്നത്. AICTE നൽകുന്ന പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട നിർദേശങ്ങൾ കേരളത്തിലെ നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ രീതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ തരത്തിലാണ് കേരള സാങ്കേതിക സർവ്വകലാശാല നടപ്പിലാക്കുന്നത്. വൈജ്ഞാനിക സാമ്പത്തിക നയത്തെ അടിസ്ഥാനപ്പെടുത്തി വികസന ആവശ്യങ്ങൾക്ക് നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കേണ്ട സാഹചര്യം നിലവിലുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി സാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | സ്വകാര്യ സാങ്കേതിക കോളേജുകളിൽ നിന്ന് വൻ അഫിലിയേഷൻ ഫീസും മറ്റ് ഫീസുകളും കേരള സാങ്കേതിക സർവ്വകലാശാല വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പുനരാലോചന നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | **സർവ്വകലാശാലാ ഫീ ഘടനയെക്കുറിച്ച് പഠനം നടത്താൻ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 അധ്യയന വർഷത്തിലെ അഫിലിയേഷൻ ഫീസ് ഘടനയിൽ സർവ്വകലാശാല മാറ്റം വരുത്തുകയുണ്ടായി. ആയതു പ്രകാരം അഫിലിയേഷൻ ഫീസായി 2019-20 അധ്യയന വർഷത്തിൽ ഏതൊരു കോളേജും എല്ലാ ബിരുദപ്രോഗ്രാമുകൾക്കും കൂടി രണ്ട് ലക്ഷം രൂപയും എല്ലാ ബിരുദാനന്തര പ്രോഗ്രാമുകൾക്കും കൂടി ഒന്നര ലക്ഷം രൂപയും ഓരോ അംഗീകൃത സീറ്റുകൾക്കും 2000 രൂപ വീതവും പരമാവധി അഫിലിയേഷൻ ഫീസ് തുക 15 ലക്ഷം രൂപയുമായും നിജപ്പെടുത്തി. കോവിഡ്** |

| | | | |
|---|---|---|---|
| | | | **മഹാമാരിയെ തുടർന്ന് സാങ്കേതിക സർവ്വകലാശാല അഫിലിയേഷൻ ഫീസ് ഘടനയിൽ വീണ്ടും മാറ്റം വരുത്തുകയുണ്ടായി. ആയതു പ്രകാരം 2020-21, 2021-22 അധ്യയന വർഷങ്ങളിൽ ഓരോ കോളേജും ഓരോ ബിരുദ കോഴ്സുകൾക്കും 50,000 രൂപ വീതവും, ഓരോ എം.ബി.എ, എം.സി.എ കോഴ്സുകൾക്കും 50,000 രൂപ വീതവും, എം.ബി.എ, എം.സി.എ കോഴ്സുകൾ ഒഴിച്ചുള്ള ഓരോ ബിരുദാനന്തര കോഴ്സുകൾക്ക് 30,000 രൂപ വീതവും കോളേജുകളിൽ അഡ്മിഷൻ നേടുന്ന ബിരുദ വിദ്യാർത്ഥികൾ സ്റ്റുഡൻറ്റ് അഫിലിയേഷൻ ഫീസായി 750 രൂപയും ബിരുദാനന്തര വിദ്യാർത്ഥികൾ 1000 രൂപയും പിഎച്ച്ഡി സ്കോളർ 1500 രൂപയുമായി നിശ്ചയിക്കുകയും പരമാവധി അഫിലിയേഷൻ ഫീസ് 15 ലക്ഷം രൂപയുമായി നിജപ്പെടുത്തി.** |
| (സി) | 2001-ൽ ആരംഭിച്ച സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേരള സാങ്കേതിക സർവ്വകലാശാല നാളിതുവരെ അഫിലിയേഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇതുമൂലം ഈ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട യു.ജി.സി 12 (ബി) സ്റ്റാറ്റസ് ലഭിക്കുന്നില്ല എന്നതിനാൽ സംസ്ഥാനത്തിന് ലഭിക്കേണ്ട റൂസ ഫണ്ട് പോലുള്ള സാമ്പത്തിക സഹായം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | **നാക് ഗ്രേഡിംഗ് അടിസ്ഥാനമാക്കിയാണ് റൂസ ഗ്രാന്റുകൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, എയ്ഡഡ് (ഓട്ടോണമസ് ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ റൂസ ഗ്രാന്റിന് അർഹരല്ല.** |
| (ഇ) | സംസ്ഥാനത്തെ എൺപത്തിരണ്ട് സ്ഥാപനങ്ങൾക്ക് മാത്രം യു.ജി.സി. അംഗീകാരം ഉള്ളൂ എന്നതിനാൽ ലഭിക്കേണ്ട സാമ്പത്തിക സഹായം നഷ്ടപ്പെടുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (ഇ) | **നാക് ഗ്രേഡിംഗ് അടിസ്ഥാനമാക്കിയാണ് റൂസ ഗ്രാന്റുകൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, എയ്ഡഡ് (ഓട്ടോണമസ് ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ റൂസ ഗ്രാന്റിന് അർഹരല്ല.** |
| (എഫ്) | സ്ഥിരമായി അഫിലിയേഷൻ ലഭ്യമാക്കുവാൻ മൂന്നു പ്രോഗ്രാമുകൾക്ക് നാഷണൽ ബോഡ് ഓഫ് അക്രെഡിറ്റേഷൻ അംഗീകാരം അല്ലെങ്കിൽ നാഷണൽ അസ്സെസ്സ്മെന്റ് ആൻറ് അക്രെഡിറ്റേഷൻ കൗൺസിൽ എ ഗ്രേഡ് ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളെ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ സർവ്വകലാശാല സ്ഥിര അഫിലിയേഷൻ നൽകുന്നില്ല. സർവ്വകലാശാല സിൻഡിക്കേറ്റ്, ബോർഡ് ഓഫ് ഗവർണേഴ്സ് എന്നിവ പ്രസ്തുത വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്ന മുറക്ക് സ്ഥിര അഫിലിയേഷൻ നല്കാൻ സർവ്വകലാശാല നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ